നമ്പർ: 287/2017

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും, വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
കോട്ടയം ചെറിയ പള്ളി ഓർത്തഡോക്സ് മഹാ ഇടവകയിൽ കബറടങ്ങിയിരിക്കുന്ന ഭാഗ്യസ്മരണാർഹനായ മലങ്കര മെത്രാപ്പോലീത്താ പുന്നത്ര മാർ ദീവന്നാസ്യോസ് (ദീവന്നാസ്യോസ് മൂന്നാമൻ) തിരുമേനിയുടെ 192-ാം ഓർമ്മപ്പെരുന്നാൾ മെയ് മാസത്തിൽ സമുചിതമായി ആചരിക്കുകയുണ്ടായി. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ മെത്രാപ്പോലീത്തായ്ക്ക് ശേഷം മലങ്കര സഭയ്ക്ക് സുധീരമായ നേതൃത്വം നൽകിയ ഈ പുണ്യപിതാവിന്റെ സ്ഥാനാരോഹണത്തിന്റെ ദ്വിശതാബ്ദി 2017 ഒക്ടോബർ മാസത്തിൽ ഉചിതമായ നിലയിൽ ആചരിക്കുന്നതിന് കോട്ടയം ചെറിയപള്ളി ആഗ്രഹിച്ച് അതിനുള്ള ക്രമീകരണങ്ങൾ ചെയ്തുവരികയാണ്. 2017 ഒക്ടോബർ മാസം 22-ാം തീയതി ഞായറാഴ്ച വി. കുർബ്ബാനയോടെ ആരംഭിക്കുന്ന ദ്വിശതാബ്ദി ആചരണം 2017 നവംബർ മാസം 19-ാം തീയതി വി. കുർബ്ബാനയോടെ സമാപിക്കത്തക്ക രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്.

ദ്വിശതാബ്ദി ആചരണത്തിന് നാമും നമ്മുടെ സഹോദരമെത്രാപ്പോലീത്താമാരും നേതൃത്വം നൽകുന്നതാണ്. ദൈവകൃപയുടെ പ്രകാശത്തിൽ സഭയെ നയിച്ച ആ പിതാവിനെ പ്രത്യേകമായി സഭ ഓർക്കുന്ന ഈ അവസരത്തിൽ സഭാ മക്കൾ ഏവരും കോട്ടയം ചെറിയപള്ളിയിൽ എത്തിച്ചേർന്ന് എല്ലാ പരിപാടികളും അനുഗ്രഹകരമാക്കിത്തീർക്കണമെന്ന് നാം നിങ്ങളെ പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2017 ഒക്ടോബർ മാസം 12-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.